## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3949 21/10/2016-ൽ മറുപടിയ്ക്ക്

## കശാപ്പ് മൃഗങ്ങളുടെ ആരോഗ്യ സ്ഥിതിയും മാംസത്തിന്റെ ഗുണനിലവാരവും

| ചോദ്യം<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>,, ടി. വി. ഇബ്രാഹിം<br>,, കെ.എം.ഷാജി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ശ്രീ.കെ.ടി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തിനുള്ളിൽ മാംസത്തിനു വേണ്ടി കശാപ്പ ചെയ്യുന്ന മൃഗങ്ങളുടെ ആരോഗ്യ സ്ഥിതി പരിശോധിച്ച്, മാംസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്തവും, അതിനായി സ്വീകരിച്ചു വരുന്ന നടപടികളും വിശദമാക്കുമോ; | (എ) | 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 455 പ്രകാരം ആഹാരസാധനമായി വിൽക്കുന്നതിന് കശാപ്പ് ചെയ്ത് തയ്യാറാക്കിയ ഇറച്ചി, കശാപ്പ് നടത്തിയ സ്ഥലത്തുവച്ചുതന്നെ നിർണ്ണയിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധയ്ക്ക് വിധേയമാക്കാതെ വിൽപ്പന നടത്താൻ പാടില്ലാത്തതാകുന്നു എന്ന് വ്യവസ്ഥയുണ്ട്. കൂടാതെ മേൽ ആവശ്യത്തിനായി സർക്കാർ, 1996 -ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പ് ശാലകളും ഇറച്ചി കടകളും) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അറവുശാലയിൽ എത്തിക്കുന്ന മൃഗങ്ങളുടെ ഗുണനിലവാരം വെറ്ററിനറി ഡോക്ടർ ഉറപ്പുവരുത്തിയതിനു ശേഷം മാത്രമാണ് അതിനെ അറവിനായി ഉപയോഗിക്കുന്നത്. ഇത്തരം നിർദ്ദേശങ്ങൾ പാലിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിനു പുറത്തു നിന്നു കൊണ്ടു വരുന്ന മാംസത്തിന്റെ ശുദ്ധിയും, ഗുണനിലവാരവും പരിശോധിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; | (ബി) | ചെക്ക് പോസ്റ്റുകളിൽ മാംസത്തിനായി കൊണ്ടുവരുന്ന ഉരുക്കളുടെ പരിശോധന മൃഗസംരക്ഷണവകുപ്പ് നടത്തുന്നുണ്ട്. പരാതികൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാംസത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് അവയുടെ ശുദ്ധിയും, ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനുവേണ്ടി വെറ്റിനറി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ലാബുകളിൽ അയച്ച് |

| | | | |
|---|---|---|---|
| | | | പരിശോധിക്കുന്നതിനൊടൊപ്പം ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും സാമ്പിൾ അയച്ച് പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ആരോഗ്യകരമായ കശാപ്പുശാലകൾ സ്ഥാപിച്ചു പരിപാലിക്കേണ്ട ഉത്തരവാദിത്തം പാലിക്കുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്രത്തോളം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ജനങ്ങൾക്ക് ശുചിത്വമുള്ള മാംസം ലഭിക്കുന്നതിനു വേണ്ടി ആരോഗ്യകരമായ രീതിയിൽ അറവുശാലകൾ നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം പഞ്ചായത്തുകൾക്ക് 5 കോടി രൂപയും നഗരസഭകൾക്ക് 10 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ ശുചിത്വമിഷനിൽ നിന്ന് 18 ഗ്രാമപഞ്ചായത്തുകൾക്കും 24 നഗരസഭകൾക്കും ആധുനിക അറവുശാല നിർമ്മാണത്തിനായി സാങ്കേതിക അംഗീകാരം നൽകിയിട്ടുണ്ട്. ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള ഒരു ഗ്രാമ പഞ്ചായത്തിലെങ്കിലും ആധുനിക് അറവുശാല നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ അറവുശാല നിർമ്മാണം നടത്തുന്ന പദ്ധതിക്ക് മുൻഗണന നൽകുന്നു. |

**സെക്ഷൻ ഓഫീസർ**